ടി സർവ്വീസ് ആരംഭിക്കണമെന്ന് ബഹുമാനപ്പെട്ട എം.എൽ.എ. വാക്കാൽ ആവശ്യ പ്പെട്ടകയുണ്ടായി. എന്നാൽ ബസ്സിന്റെ കുറവ് കാരണം ടി സർവ്വീസ് ഇതുവരെയും ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

കിളിമാനൂർ ഡിപ്പോയിൽനിന്നുള്ള ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ

318 (3140) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. കിളിമാനൂർ ഡിപ്പോയിൽനിന്നും ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് നടത്തുന്ന എത്ര ബസ്സുകൾ ഉണ്ടെന്നും ഈ ബസ്സുകൾ ഏതെല്ലാം റൂട്ടുകളിലാണ് സർവ്വീസ് നടത്തുന്നതെന്നും ഓരോ സർവ്വീസിന്റേയും സമയക്രമവും സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ ;

(ബി) ഈ ഡിപ്പോയിൽ നിന്നുള്ള ബസ്സുകളിൽ സമയവിവരം രേഖപ്പെട്ടത്താറില്ലെന്നതും ബസ് സർവ്വീസുകൾക്ക് സമയ കൃത്യതയില്ലെന്നതും സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനായി എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 16 ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ നടത്തുന്നതിന് കിളിമാനൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് അനുവാദം നൽകിയിട്ടുണ്ട്. അവയുടെ റൂട്ടും സമയക്രമവും ചുവടെ ചേർക്കുന്നു :

1. 06.00 കിളിമാനൂർ-കൊട്ടാരക്കര-ചക്കുളത്തുകാവ്
2. 07.50 കിളിമാനൂർ-ചടയമംഗലം-കൊട്ടാരക്കര
3. 06.50 കിളിമാനൂർ-മുളക്കലത്തുകാവ്-പകൽക്കുറി
4. 06.50 കിളിമാനൂർ-മെഡിക്കൽകോളേജ്-തിരുവനന്തപുരം
5. 05.00 കിളിമാനൂർ-വെമ്പായം-തിരുവനന്തപുരം
6. 06.10 കിളിമാനൂർ-പുനലൂർ-പത്തനാപുരം

LIBRARY ARCHIVES Kerala Legislative Assembly

7. 05.50 കിളിമാന്നൂർ-വെമ്പായം-തിരുവനന്തപുരം

8. 06.50 കിളിമാന്നൂർ-ചടയമംഗലം-കൊട്ടാരക്കര

9. 09.00 കിളിമാന്നൂർ-വെമ്പായം-തിരുവനന്തപുരം

10. 06.30 കിളിമാന്നൂർ-വെമ്പായം-തിരുവനന്തപുരം

11. 06.15 കിളിമാന്നൂർ-വെമ്പായം-തിരുവനന്തപുരം

12. 06.10 കിളിമാന്നൂർ-ചടയമംഗലം-കൊട്ടാരക്കര

13. 06.15 കിളിമാന്നൂർ-മടത്തറ

14. 07.00 കിളിമാന്നൂർ-വെമ്പായം-തിരുവനന്തപുരം

15. 05.40 കിളിമാന്നൂർ-ചടയമംഗലം-അഞ്ചൽ-പുനലൂർ

16. 11.25 കിളിമാന്നൂർ-നിലമേൽ-കടയ്ക്കൽ

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കിളിമാന്നൂർ ഡിപ്പോയിലെ എല്ലാ സർവ്വീസു കളിലും സമയവിവരം രേഖപ്പെടുത്തിയിട്ടുണ്ട്. സർവ്വീസുകൾ പരമാവധി കൃത്യ സമയത്തുതന്നെ നടത്തുന്നതിന് പ്രാധാന്യം കൊടുത്തുവരുന്നു.

കൊട്ടാരക്കര-പാരിപ്പള്ളി റൂട്ടിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ്

319 (3141) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര-പാരിപ്പള്ളി റൂട്ടിൽ കെ.എസ്.ആർ.ടി.സി. വേണാട് സർവ്വീസ് ആരംഭിച്ചത് എന്നാണ് ;

(ബി) ദിനംപ്രതി എത്ര സർവ്വീസുകൾ പ്രസ്തുത റൂട്ടിൽ നടത്തിവരുന്നു ;

(സി) ഓരോ സർവ്വീസുകളുടെയും ശരാശരി പ്രതിദിന വരുമാനം എത്രയാണ് ;

(ഡി) പ്രസ്തുത സർവ്വീസുകളുടെ കാര്യക്ഷമതയ്ക്കും പ്രതിദിന വരുമാന വർദ്ധന വിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly